പത്രക്കുറിപ്പ്:

കേരള സാഹിത്യ അക്കാദമി ആപ്പീസ്
11-1-2012

# കേരള സാഹിത്യ അക്കാദമി - ദേശീയ പുസ്തകോത്സവം പുസ്തക നിർമ്മിതി, കവർ ഡിസൈനിങ്ങ്, മികച്ച സ്റ്റാൾ അവാർഡുകൾ പ്രഖ്യാപിച്ചു

കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് നൽകുന്ന പുസ്തക നിർമ്മിതി, , കവർ ഡിസൈനിങ്ങ്, മികച്ച സ്റ്റാൾഎന്നിവയ്ക്കുള്ള അവാർഡ് പ്രഖ്യാപിച്ചു. കറന്റ് ബുക്സ്, തൃശൂർ പ്രസിദ്ധീകരിച്ച 'എന്റെ ജീവിതം തന്നെ എന്റെ സന്ദേശം' എന്ന കൃതിക്കാണ് പുസ്തക നിർമ്മിതിക്കുള്ള ഒന്നാം സ്ഥാനത്തിന് അർഹമായത്. രണ്ടാംസ്ഥാനത്തിന് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച 'ശാസ്ത്രത്തിന്റെ സാമൂഹിക ധർമ്മം' എന്ന ഗ്രന്ഥത്തിന് ലഭിച്ചു. കവർ ഡിസൈനിങ്ങിന് ഒന്നാംസ്ഥാനം സമയം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'ഭാരതീയ ഭാഷാ സ്ത്രീകഥകൾ' എന്ന ഗ്രന്ഥത്തിന്റെ കവർ രൂപകല്പനചെയ്ത ബാലു ജയപുരത്തിനും, രണ്ടാം സ്ഥാനം വിസ്ഡം ആന്റ് വിഷൻ ധർമ്മോ ദേവോ ട്രസ്റ്റ് ഓഫ് ട്രസ്റ്റ് പ്രസിദ്ധീകരിച്ച 'ഐ-സാമൂഹികതത്ത്വചിന്ത' എന്ന ഗ്രന്ഥത്തിന്റെ കവർ രൂപകല്പന ചെയ്ത സന്തോഷിനും ലഭിച്ചു.

മികച്ച സ്റ്റാളിനുള്ള ഒന്നാംസ്ഥാനം ഡി.സി.ബുക്സും രണ്ടാംസ്ഥാനം പ്രഭാത് ബുക്ക്ഹൗസും നേടി. വിജയകുമാർമേനോൻ, എൻ.മൂസ്സാക്കുട്ടി, കേരള ലളിതകലാഅക്കാദമി സെക്രട്ടറി ശ്രീമുലനഗരം മോഹൻ, ആർ.ഗോപാലകൃഷ്ണൻ (മെമ്പർ & സെക്രട്ടറി) എന്നിവരടങ്ങിയ സമിതിയാണ് വിധി നിർണ്ണയം നടത്തിയത്. ജനുവരി 12 ന് വൈകുന്നേരം 5.30 ന് ദേശീയ പുസ്തകോത്സവത്തിന്റെ സമാപന സമ്മേളനത്തിൽവെച്ച് അവാർഡുകൾ സമ്മാനിക്കും.

**ആർ.ഗോപാലകൃഷ്ണൻ**
മെമ്പർ & സെക്രട്ടറി